**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** **11-02-2025 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതി കാലോചിതമായി പരിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമങ്ങൾക്ക് ഭരണാനുമതി നൽകുന്നതും നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്ത് അംഗീകാരം നൽകിയിരുന്നതും വകുപ്പ് ഡയറക്ടറാണ്. ടി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കുള്ള മാനദണ്ഡങ്ങൾ 16-01-2025 ലെ സ.ഉ(കൈ)നം.4/2025/പജപവവിവ പ്രകാരം നിലവിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം നിർവ്വഹണ ഏജൻസികൾ സമർപ്പിക്കുന്ന എസ്റ്റിമേറ്റ് പരിശോധിക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറായും, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ, ജില്ലാ കളക്ടർ ശിപാർശ ചെയ്യുന്ന പ്രാദേശിക പദ്ധതി നിർവ്വഹണത്തിൽ പരിചയമുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻഞ്ചിനീയർ തസ്തികയിൽ കുറയാത്ത തസ്തികയിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ടെക്നിക്കൽ കമ്മിറ്റികൾ പരിശോധിച്ച് അംഗീകരിക്കുന്ന എസ്റ്റിമേറ്റുകൾക്ക് അതാത് ജില്ലാ കളക്ടർമാർ ഭരണാനുമതി നൽകുന്നതാണ്.<br>പദ്ധതി നിർവ്വഹണത്തിനായി എം.എൽ.എ മാർ ശിപാർശ ചെയ്യുന്ന നിർവ്വഹണ ഏജൻസികൾക്ക് സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ അംഗീകാരം നൽകുന്നു.<br>ഭരണാനുമതി ലഭിച്ച് മൂന്ന് മാസത്തിനകം പ്രവൃത്തികൾ ആരംഭിക്കാത്ത ഗ്രാമങ്ങളെ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ നിന്നും നീക്കം ചെയ്യുന്നതിനും MoU ഒപ്പിട്ട് 1 വർഷത്തിനുള്ളിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ത്രൈമാസ ഗ്രാമതല മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ ചേർന്നും ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ത്രൈമാസ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും ഡയറക്ടർ തലത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് പദ്ധതി പുരോഗതി വിലയിരുത്തി പുരോഗതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനും നിലവിലെ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ആറളം കാർഷിക ഫാമിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കാർഷിക സർവകലാശാലയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ആറളം കാർഷിക ഫാമിലെ ഭൗതിക സൗകര്യം ഉപയോഗപ്പെടുത്തി ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കാർഷിക സർവകലാശാല സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 23/11/24 തീയതിയിലെ മന്ത്രി തല യോഗത്തിൽ നൽകിയ നിർദ്ദേശ പ്രകാരം ദീർഘകാല പരിശീലന പരിപാടികളുടെ സാധ്യത കൂടി പരിശോധിച്ചുകൊണ്ട് ഭേദഗതി വരുത്തിയ പ്രൊപ്പോസൽ കാർഷിക സർവകലാശാലയുടെ ഡയറക്ടർ ഓഫ് എക്സ്റ്റെൻഷൻ ആഫീസർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സുരക്ഷാ പരിചരണത്തിനായി എല്ലാവർക്കും ആരോഗ്യ സുരക്ഷാ കാർഡ് ലഭ്യമാക്കുമോ; ആയതിനുള്ള നടപടികൾ വിശദമാക്കുമോ? | (സി) | കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന എല്ലാ ആരോഗ്യ പരിരക്ഷകളും സംയോജിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നടപ്പാക്കി വരുന്ന ABPMJAY-KASP പദ്ധതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമാക്കുന്നതിന് തീരുമാനിക്കുകയും, ആയതിന്റെ ഭാഗമായി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ തിരുനെല്ലി വില്ലേജിൽ നടപ്പാക്കുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതിന്റെ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടിക്രമങ്ങളുടെ ഭാഗമായി തിരുനെല്ലി വില്ലേജിൽ ABPMJAY-KASP പദ്ധതിയിൽ നിലവിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനായി പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ ഉപയോഗപ്പെടുത്തി ഈ മേഖലയിൽ വീട് വീടാന്തരമുള്ള സർവേ നടത്തി കുടുംബങ്ങളുടെ റേഷൻകാർഡ്, ആധാർ കാർഡ് മുതലായ രേഖകൾ സംബന്ധിച്ച വിവരങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് കൈമാറുവാനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്കായുള്ള |

| | | | |
|---|---|---|---|
| | | | പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. മേൽ വിവരങ്ങൾ ലഭ്യമാക്കി, ABPMJAY-KASP കാർഡ് ലഭ്യമാക്കുന്നതിന്/ പുതുക്കുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന തുടർനടപടികൾ സ്വീകരിച്ച് വരുന്നു . തുടർന്ന് സംസ്ഥാനത്തെ മറ്റ് പട്ടികവർഗ്ഗ മേഖലകളിലേക്കും ടി പദ്ധതി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ